# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം
നമ്പർ.1827

01.02.2018-ൽ മറുപടിക്ക്

## പത്തനംതിട്ട ജില്ല എൽ.ഡി.സി. റാങ്ക് ലിസ്റ്റ്

**ചോദ്യം**
ശ്രീ. രാജു എബ്രഹാം

**ഉത്തരം**
പിണറായി വിജയൻ
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | നിലവിലുള്ള എൽ.ഡി.സി. (പത്തനംതിട്ട ജില്ല) റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ എത്രപേർക്ക് നിയമനം ലഭിച്ചിട്ടുണ്ട്; പ്രസ്തുത ലിസ്റ്റിന്റെ കാലാവധി എന്നാണ് അവസാനിക്കുന്നത്; | (എ) | എൽ.ഡി.സി. തസ്തികയുടെ (പത്തനംതിട്ട ജില്ല) റാങ്ക് ലിസ്റ്റിൽ നിന്നും 433 പേർക്ക് പി.എസ്.സി നിയമനശിപാർശ നൽകിയിട്ടുണ്ട്. 31.03.2015 -ൽ നിലവിൽ വന്ന ടി റാങ്ക് ലിസ്റ്റിന്റെ 3 വർഷ കാലാവധി 30.03.2018-ൽ അവസാനിക്കും |
| (ബി) | ഈ റാങ്ക് ലിസ്റ്റിന് മുമ്പുണ്ടായിരുന്ന എൽ.ഡി.സി. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് പ്രസ്തുത ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്ന 2015 മാർച്ച് മാസം മുതൽ ജൂൺ മാസം വരെയുള്ള കാലയളവിൽ വിവിധ വകുപ്പുകളിൽ ഉണ്ടാകാവുന്ന ഒഴിവുകൾ മുൻകൂട്ടി കണക്കാക്കി സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിയതുമൂലം 31.3.2015-ന് നിലവിൽ വന്ന ഇപ്പോഴത്തെ റാങ്ക് ലിസ്റ്റിലെ ഉദ്യോഗാർത്ഥികൾക്ക് നൂറ്റിപന്ത്രണ്ടോളം ഒഴിവുകൾ നഷ്ടപ്പെട്ടത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ബി) | മുൻ സർക്കാർ, 21.03.2015-ൽ നിലവിലുണ്ടായിരുന്ന റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം നൽകുന്നതിനു വേണ്ടി, 2015 മാർച്ച് 30-നകം വിവിധ വകുപ്പുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യുന്ന 2015 ഏപ്രിൽ , മേയ്, ജൂൺ എന്നീ 3 മാസത്തെ പ്രതീക്ഷിത എൽ.ഡി.ക്ലാർക്ക് ഒഴിവുകൾക്ക് തത്തുല്യമായ എണ്ണം സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിക്കുവാനും എണ്ണം വ്യക്തമാക്കി ഉത്തരവ് പുറപ്പെടുവിക്കുവാനും പ്രസ്തുത സൂപ്പർ ന്യൂമററി തസ്തികകളിലേയ്ക്ക് യഥാർത്ഥത്തിൽ ഒഴിവു വരുന്ന തീയതിയ്ക്ക് ശേഷം മാത്രം നിയമനം നടത്തുവാനും നിയമനം നടക്കുന്ന മുറയ്ക്ക് സൂപ്പർ ന്യൂമററി തസ്തിക ഇല്ലാതാകുന്നതായി രജിസ്റ്ററിൽ |

| | | | |
|---|---|---|---|
| | | | രേഖപ്പെടുത്തുവാനും വകുപ്പമേധാവികൾക്കും നിയമനാധികാരികൾക്കും 21.03.2015-ലെ സ.ഉ.(അ)13/2015/ഉഭപവ മുഖേന നിർദ്ദേശം നല്കിയിരുന്നു. റാങ്ക് ലിസ്റ്റുകളുടെ കാലാവധി സർക്കാർ ശിപാർശ പ്രകാരം 6 മാസം കൂടി നീട്ടാൻ പി.എസ്.സി. തീരുമാനിച്ചിരുന്നെങ്കിലും പുതിയ എൽ.ഡി.സി.(വിവിധം) റാങ്ക് ലിസ്റ്റ് 2015 ഏപ്രിൽ 1-ന് നിലവിൽ വന്ന സാഹചര്യത്തിൽ 2012-ൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ കാലാവധി 31.03.2015-ന് അവസാനിച്ചിരുന്നു. അതിനാൽ പുതിയ റാങ്ക് ലിസ്റ്റ് നിലവിൽ വന്ന് ആദ്യ 3 മാസത്തെ ഒഴിവുകളിൽ, മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പഴയ ലിസ്റ്റിൽ ഉൾപ്പെട്ടവരുടെ നിയമനം നടന്നിട്ടുള്ളതാണ്. |
| (സി) | ഇതുമൂലം പുതിയ റാങ്ക് പട്ടികയിലെ അവസരം നഷ്ടപ്പെട്ടവരേക്കൂടി പരിഗണിക്കുന്നതിനായി ഈ റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്ന 31.3.2018 മുതൽ ജൂൺ വരെയുള്ള ഒഴിവുകൾ മുൻകൂട്ടി കണക്കാക്കി നിലവിലെ റാങ്ക് ലിസ്റ്റിൽ നിന്നും സൂപ്പർ ന്യൂമററിയായി നിയമനം നൽകാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം ത്വരിതപ്പെടുത്താൻ ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നുണ്ട്. 2018-ലെ പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് 16.08.2017-ലെ സർക്കുലർ നമ്പർ AdvC3/304/2017/ P&ARD മുഖേന എല്ലാ വകുപ്പദ്ധ്യക്ഷന്മാർക്കും നിയമനാ-ധികാരികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കാലാവധി പൂർത്തിയാകുന്ന എൽ.ഡി.സി.(വിവിധം) എൽ.ജി.എസ്. (വിവിധം) റാങ്ക് ലിസ്റ്റുകളിൽ നിന്ന് പരമാവധി നിയമനം നടത്തുന്നതിലേയ്ക്കായി മുഴുവൻ ഒഴിവുകളും ഉണ്ടാവുന്ന മുറയ്ക്ക് തന്നെ |

| | | | |
|---|---|---|---|
| | | | യാതൊരു കാലതാമസവും കൂടാതെ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് നിഷ്കർഷിച്ച് എല്ലാ വകുപ്പദ്ധ്യക്ഷന്മാർക്കും നിയമനാധി കാരികൾക്കും 13.12.2017-ലെ ഉപസി 3/ 428/17/ഉഭപവ സർക്കുലർ മുഖേന സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുള്ളതാണ്. കൂടാതെ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വിഭാഗം വിവിധ വകുപ്പുകളിൽ ദ്രുത പരിശോധന നടത്തി റിപ്പോർട്ട് ചെയ്യപ്പെടാത്ത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യിക്കുവാൻ നടപടി സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ